REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-09-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ബ്രിക്സ് ഉച്ചകോടി, ഇന്ത്യയുടെ ആഗോള സ്വാധീനം വർധിച്ചതിന്റെ പ്രഖ്യാപനമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ്സിംഗ്.**
- **മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം, സംസ്ഥാന ഗവർണറുമായും മുഖ്യമന്ത്രിയുമായും ചേലേമ്പ്രയിൽ വൈകിട്ട് കൂടിക്കാഴ്ച നടത്തും.**
- **കേന്ദ്ര സ്ഥാപനമായ തെർമ്മൽ പവർ കോർപ്പറേഷനിൽ നിന്ന് വൈദ്യുതി വാങ്ങി, പ്രതിസന്ധി പരിഹരിക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്.**
- **മകരവിളക്ക് മുന്നൊരുക്കങ്ങൾ വിലയിരുത്താൻ ശബരിമല സന്ദർശിക്കുമെന്ന് മന്ത്രി K മുരളീധരൻ.**
- **CPIM വിപുലീകൃത സംസ്ഥാന കമ്മിറ്റി യോഗം കോഴിക്കോട്ട് പുരോഗമിക്കുന്നു.**

## വാർത്തകൾ വിശദമായി

ബ്രിക്സ് ഉച്ചകോടിയുടെ വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ്സിംഗ് അഭിനന്ദിച്ചു. ചരിത്രപ്രധാനമായ 'ന്യൂഡൽഹി പ്രഖ്യാപന'ത്തിൽ ഒപ്പുവെച്ചത് കേവലം രേഖയിൽ ഒപ്പിടൽ മാത്രമല്ല, ഇന്ത്യയുടെ ആഗോള സ്വാധീനം വർധിച്ചു വരുന്നതിന്റെ പ്രഖ്യാപനം കൂടിയാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യ പ്രതിരോധശേഷി, നൂതനാശയങ്ങൾ, സഹകരണം, സുസ്ഥിരത എന്നിവയ്ക്ക് മുൻഗണന നൽകിയതായും മന്ത്രി സാമൂഹിക മാധ്യമത്തിൽ

കുറിച്ചു. എല്ലാവരെയും ഉൾക്കൊള്ളുന്നതും മനുഷ്യകേന്ദ്രീകൃതവുമായ സമീപനമാണ് ഉച്ചകോടിയുടെ മുഖമുദ്രയായത്. 'വസുധൈവ കുടുംബകം' എന്ന രാജ്യത്തിന്റെ സാംസ്കാരിക പൈതൃകത്തിൽ അടിയുറച്ച്, ഉച്ചത്തിലെ ശബ്ദമല്ല, മറിച്ച് ശക്തമായ സമവായമാണ് നേതൃത്വത്തിന്റെ യഥാർത്ഥ അടയാളമെന്ന് ഇന്ത്യ വീണ്ടും തെളിയിച്ചതായും അദ്ദേഹം പറഞ്ഞു.

✪✪✪

ആരോഗ്യ മേഖലയിൽ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് പ്രാഥമിക സംരക്ഷണം, നിരീക്ഷണം, മുന്നറിയിപ്പ് സംവിധാനങ്ങൾ, ഉത്പാദനം, എന്നിവ ശക്തിപ്പെടുത്തണമെന്ന് ലോകാരോഗ്യസംഘടനാ ഡയറക്ടർ ജനറൽ ടെഡ്രോസ് അധാനോം ഗെബ്രിയോസിസ് ലോകരാജ്യങ്ങളോട് ആവശ്യപ്പെട്ടു. ന്യൂഡൽഹിയിലെ ബ്രിക്സ് ഉച്ചകോടിയുടെ നാല് സന്ദേശങ്ങളും ആഗോള ആരോഗ്യ കാര്യത്തിന് പ്രസക്തി നൽകുന്നതായി അദ്ദേഹം സാമൂഹികമാധ്യമത്തിൽ കുറിച്ചു. ആരോഗ്യരംഗത്തെ നവീകരണത്തിന് ശാസ്ത്രം, ഡിജിറ്റൽ കൃത്രിമ ബുദ്ധി എന്നിവയുടെ വ്യാപക ഉപയോഗത്തിന് ടെഡ്രോസ് അധാനോം ആഹ്വാനം ചെയ്തു.

✪✪✪

ഹോർമുസ് കടലിടുക്ക് വഴി കപ്പൽ ഗതാഗത ക്രമീകരണങ്ങൾ ചർച്ച ചെയ്യുന്നതിന് ഇറാനും ഗൾഫ് രാജ്യങ്ങളും തമ്മിൽ ഇന്ന് നടത്താൻ നിശ്ചയിച്ച കൂടിക്കാഴ്ച മാറ്റി. ഒമാൻ വിദേശകാര്യ മന്ത്രി ബദർ ബിൻ ഹമദ് അൽ ബുസൈദിയാണ് ഇക്കാര്യം അറിയിച്ചത്. ഏകാഭിപ്രായം രൂപീകരിക്കുന്നതിന്റെ ഭാഗമായാണ് സലാലയിൽ നടക്കേണ്ടിയിരുന്ന യോഗം മാറ്റിവെച്ചതെന്ന് അദ്ദേഹം വ്യക്തമാക്കി. ചില പ്രാദേശിക രാജ്യങ്ങളുടെ അഭ്യർത്ഥന മാനിച്ചാണ് യോഗം മാറ്റിവെച്ചതെന്നും, ഇറാനും ഒമാനും സംയുക്തമായാണ് തീരുമാനമെടുത്തതെന്നും ഇറാനിലെ ഔദ്യോഗിക മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തു.

✪✪✪

യെമൻ ഗവണ്മെന്റിനെ പിന്തുണയ്ക്കുന്ന സൗദി അറേബ്യയിലേക്ക് ഹൂതികൾ ആക്രമണം നടത്തിയതിനെത്തുടർന്ന് യെമനിൽ സംഘർഷം രൂക്ഷമായി. ഹോർമുസ് കടലിടുക്കിന് പകരം സുപ്രധാന കപ്പൽപാതയായ ബാബ്-എൽ-മൻഡേബ് കടലിടുക്കിലെ ഒരു ദ്വീപും മോഖ തുറമുഖ നഗരവും ഹൂതികൾ പിടിച്ചടക്കിയതിനെത്തുടർന്ന് ചെങ്കടൽ തീരത്തേക്ക് കൂടുതൽ സേനയെ അയക്കുമെന്ന് യെമൻ പ്രഖ്യാപിച്ചു. യെമൻ അതിർത്തിക്ക് തൊട്ടടുത്ത സൈനിക താവളം ഉൾപ്പെടെ സൗദി അറേബ്യയെ ലക്ഷ്യമിട്ട് ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ചതായി ഹൂതികളും

അവകാശപ്പെട്ടു. സൗദിയുടെ എണ്ണ - അടിസ്ഥാന സൗകര്യങ്ങൾക്കും ചെങ്കടലിലെ കപ്പൽ ഗതാഗതത്തി നുമെതിരായ ഹൂതികളുടെ ആക്രമണം ആഗോള എണ്ണ വിതരണത്തിലും വിലയിലും സമ്മർദ്ദം ചെലുത്തുന്നുണ്ട് .

✪✪✪

ഒമാൻ തീരത്ത് വാണിജ്യകപ്പലിനു നേരെയുണ്ടായ ആക്രമണത്തിൽ ഇന്ത്യ അപലപിച്ചു. കപ്പലിലെ 13 ഇന്ത്യൻ ജീവനക്കാരെ രക്ഷപ്പെടുത്തിയതായും, കാണാതായ ഒരു ഇന്ത്യക്കാരനെ കണ്ടെത്താൻ തിരച്ചിൽ തുടരുകയാണെന്നും ഒമാനിലെ ഇന്ത്യൻ എംബസി അറിയിച്ചു. സ്ഥിതിഗതി സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും, തിരച്ചിൽ രക്ഷാപ്രവർത്തനങ്ങളിൽ ഒമാൻ അധികൃതരെ ഏകോപിപ്പിക്കുന്നുണ്ടെന്നും എംബസി വ്യക്തമാക്കി. ജീവനക്കാരെ രക്ഷപ്പെടുത്തുന്നതിൽ അധികൃതർ നൽകിയ പിന്തുണയ്ക്ക് ഇന്ത്യ നന്ദിയറിയിച്ചു. മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കാനും സംഘർഷങ്ങൾ അവസാനിപ്പിക്കു ന്നതിനും ചർച്ചയ്ക്കും നയതന്ത്ര ഇടപെടലിനും ഇന്ത്യ ആഹ്വാനം ചെയ്തു.

✪✪✪

ഇന്ന് ദേശീയ ഹിന്ദി ദിനം. 1949 സെപ്തംബർ 14-ന് ഇന്ത്യയുടെ ഔദ്യോഗിക ഭാഷയായി ഹിന്ദിയെ അംഗീകരിച്ചതിന്റെ ഓർമ്മയ്ക്കാണ് ഹിന്ദി ദിനം ആചരിക്കുന്നത്. 'ഹിന്ദി - പരമ്പരാഗത വിജ്ഞാനം മുതൽ കൃത്രിമ ബുദ്ധി വരെ' എന്നതാണ് ഇത്തവണത്തെ പ്രമേയം.

✪✪✪

ദേശീയ ഹിന്ദി ദിവസിന്റെ ഭാഗമായി രാഷ്ട്രഭാഷ വേദിയുടെ ആഭിമുഖ്യത്തിൽ ഇന്ന് മുതൽ വിപുലമായ ഹിന്ദി പ്രചാരണ പ്രവർത്തനങ്ങൾ നടത്തും. വൈകീട്ട് നാലിന് കോഴിക്കോട് തിരുത്തിയാട് ദേവീ സഹായം ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഹിന്ദിദിനാചരണത്തിന്റെ ഉദ്ഘാടനം ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ ഭരണസമിതി മെമ്പർ ഗോപി ചെറുവണ്ണൂർ ഉദ്ഘാടനം ചെയ്യും. തുടർദിവസങ്ങളിൽ യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക് മത്സര പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഇന്ന് വിനായക ചതുർത്ഥി. ഗണപതിയുടെ ജന്മദിനമാണ് വിനായക ചതുർത്ഥിയായി ആഘോഷിക്കുന്നത്. പത്തു ദിവസം നീളുന്ന ഗണേശോത്സവത്തിന്റെ അവസാന ദിവസം ഗണപതി വിഗ്രഹങ്ങൾ ജലാശയങ്ങളിൽ നിമജ്ജനം ചെയ്യും.

✪✪✪

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിന്റെ സന്ദർശനത്തിന്റെ ഭാഗമായി ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി വി. ഡി. സതീശൻ എന്നിവരുമായി അദ്ദേഹം മലപ്പുറം ചേലേമ്പ്രയിൽ വൈകിട്ട് കൂടിക്കാഴ്ച നടത്തും. വ്യാപാരം, നിക്ഷേപം, ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തെക്കുറിച്ച് ഇവർ ചർച്ച ചെയ്യും.

✪✪✪

കേന്ദ്ര സ്ഥാപനമായ തെർമ്മൽ പവർ കോർപ്പറേഷനിൽ നിന്ന് അടക്കം കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി, ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കുമെന്ന് മന്ത്രി സണ്ണി ജോസഫ് പറഞ്ഞു.

സാമ്പത്തിക ബാധ്യത വരുന്നതിനാൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തതെന്നും ഇപ്പോൾ പണമല്ല, ആവശ്യത്തിന് വൈദ്യുതി ഇല്ലാത്തതാണ് കേരളത്തിന്റെ പ്രശ്നമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

കഴിഞ്ഞ ഗവൺമെന്റ് റദ്ദാക്കിയ കരാർ കാരണം സാമ്പത്തിക നഷ്ടമൊന്നുമുണ്ടായിട്ടില്ലെന്നും അതിനാൽ അന്നത്തെ ചെയർമാനായ ഉദ്യോഗസ്ഥനെതിരെ നടപടിയുടെ ആവശ്യമില്ലെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ വൈദ്യുതി നിയന്ത്രണം പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയായെയും പ്രതിസന്ധിയിലാക്കി. ഏതാനും ദിവസങ്ങളിലായി വലിയ ഉല്പാദന നഷ്ടമാണ് മേഖലയിൽ ഉണ്ടായത്.

പാലക്കാട് നിന്നും ഫൈസൽ അലിമുത്ത് .......

.......വോയ്സ്......

സംസ്ഥാനത്തെ രണ്ടാമത്തെ വലിയ വ്യവസായ മേഖലയാണ് കഞ്ചിക്കോട്.മുൻകൂട്ടി അറിയിപ്പില്ലാതെ തുടർച്ചയായി വൈദ്യുതി മുടങ്ങുന്നത് വൻകിട-ചെറുകിട കമ്പനികളെ ബാധിച്ചു തുടങ്ങിയതായാണ് സംരംഭകർ പരാതിപ്പെടുന്നത്.പ്രൊഡക്ഷൻ ലൈനുകൾ പെട്ടെന്ന് നിലയ്ക്കുന്നതും അസംസ്കൃത വസ്തുക്കൾ പാഴാകുന്നതുമാണ് കമ്പനികൾക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നത്.കൃത്യസമയത്ത് ഉത്പാദനം പൂർത്തിയാക്കാൻ കഴിയാത്തത് ആഭ്യന്തര-കയറ്റുമതി ഓർഡറുകളെയും ബാധിച്ചു തുടങ്ങിയിട്ടുണ്ട്.കൃത്യമായ വൈദ്യുതി ലഭ്യത ഉറപ്പാക്കിയില്ലെങ്കിൽ പല യൂണിറ്റുകളും പൂട്ടേണ്ടിവരുമെന്നാണ് കഞ്ചിക്കോട് ഇൻഡസ്ട്രി ഫോറം മുന്നറിയിപ്പ് നൽകുന്നത്.

✪✪✪

മകരവിളക്ക് മുന്നൊരുക്കങ്ങൾ വിലയിരുത്താൻ ശബരിമല സന്ദർശിക്കുമെന്ന് മന്ത്രി K മുരളീധരൻ അറിയിച്ചു. മാലിന്യ സംസ്കരണം അടക്കം കാര്യങ്ങൾ നേരിട്ട് വിലയിരുത്തുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. സൗകര്യങ്ങൾ വിലയിരുത്തുന്നതിന് വീണ്ടും അവലോകന യോഗം ചേരുമെന്നും ഏതെങ്കിലും വകുപ്പുകൾക്ക് വീഴ്ചയുണ്ടെങ്കിൽ അത് പരിഹരിക്കാൻ അടിയന്തരമായി ഇടപെടുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഖാദർ കമ്മിറ്റി റിപ്പോർട്ടിനോട് UDF യോജിക്കുന്നില്ലെന്നും ഇക്കാര്യത്തിൽ അധ്യാപക സംഘടനകളുടെ  അഭിപ്രായമറിയാനാണ് യോഗം വിളിച്ചതെന്നും മന്ത്രി N ഷംസുദ്ദീൻ പറഞ്ഞു.  അന്തിമ തീരുമാനം എടുക്കുന്നതിന് മുൻപ് എല്ലാവരുടേയും അഭിപ്രായമറിയാൻ മാത്രമാണ് യോഗം വിളിച്ചതെന്നും അദ്ദേഹം പാലക്കാട്ട്  അറിയിച്ചു.

✪✪✪

ഇന്ന് ഗ്രന്ഥശാലാദിനം. P.N പണിക്കരുടെ നേതൃത്വത്തിൽ 1945 സെപ്തംബർ 14 ന് അമ്പലപ്പുഴയിലാണ് തിരുവിതാകൂർ ഗ്രന്ഥശാലാ സംഘത്തിന് തുടക്കമിട്ടത്. കേരളപ്പിറവിയോടെ അത് ഗ്രന്ഥശാലാ സംഘമായി മാറി. 33 വർഷം P.N പണിക്കർ ആയിരുന്നു സംഘത്തിന്റെ ജനറൽ സെക്രട്ടറി.

✪✪✪

കോഴിക്കോട്ട് CPIM വിപുലീകൃത സംസ്ഥാന കമ്മിറ്റി യോഗത്തിന്റെ രണ്ടാം ദിവസവും പൊതുചർച്ച   പുരോഗമിക്കുന്നു. ജനറൽ സെക്രട്ടറി M.A.ബേബിക്ക് പുറമെ പാർട്ടി പൊളിറ്റ് ബ്യൂറോ അംഗങ്ങളായ പിണറായി വിജയൻ, A.വിജയരാഘവൻ, വിവി രാഘവുലു, അശോക് ധാവളെ, U.വാസുകി, വിജു കൃഷ്ണൻ എന്നിവരുടെ സാന്നിധ്യത്തിലാണ് കമ്മിറ്റി ചേരുന്നത്. ഇന്നലെ തുടങ്ങിയ പൊതുചർച്ചയാണ് ഇന്നും തുടരുന്നത്. പാർട്ടിയുടെ മുന്നേറ്റത്തിന് നിർണായക തീരുമാനങ്ങളുമായി നാളെ യോഗം സമാപിക്കും. കോഴിക്കോട് ബീച്ച് ഫ്രീഡം സ്ക്വയറിൽ റാലിയോടെയാണ് യോഗത്തിന് സമാപനമാവുക.

✪✪✪

CPIM തെറ്റ് തിരുത്തുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്ന് പയ്യന്നൂർ MLA വി കുഞ്ഞികൃഷ്ണൻ പറഞ്ഞു. യഥാർത്ഥ തെറ്റിന്റെ കാരണം കണ്ടെത്തിയാലെ തിരുത്താനാകൂവെന്നും എന്നാൽ CPIM ഇതുവരെ അതിന് ശ്രമിച്ചിട്ടില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

തമിഴ്നാട്ടിലെ ധാരാപുരം, മധുരാന്തകം നിയമസഭാ മണ്ഡലങ്ങളിലെ ഉപതെരഞ്ഞെടുപ്പിൽ CPIM ഉം CPI ഉം ഒറ്റയ്ക്ക് മത്സരിക്കാൻ തീരുമാനിച്ചു. ധാരാപുരത്ത് CPI ഉം മധുരാന്തകത്ത് CPIM ഉം ആണ് മത്സരിക്കുക. നാളെ സ്ഥാനാർത്ഥികളുടെ പേരുകൾ പ്രഖ്യാപിക്കുമെന്ന് CPI സംസ്ഥാന സെക്രട്ടറി M.വീരപാണ്ട്യൻ അറിയിച്ചു. ഇരു കക്ഷികളും വിജയ് നേതൃത്വം നൽകുന്ന TVK ഗവൺമെന്റിന് പുറമെ നിന്നാണ് പിന്തുണ നൽകുന്നത്.

✪✪✪

സാമ്പത്തിക തട്ടിപ്പുകേസിൽ മുംബൈ ബോറിവലി മജിസ്ട്രേറ്റ് കോടതി തടവുശിക്ഷക്ക് വിധിച്ച പാലാ MLA മാണി C.കാപ്പനെ അയോഗ്യനാക്കണമെന്നാവശ്യപ്പെട്ട ഹർജിയിൽ കേന്ദ്ര തെഞ്ഞെടുപ്പ് കമീഷനും മാണി സി. കാപ്പനും ഹൈകോടതി നോട്ടിസ് അയച്ചു. പ്രവാസി വ്യവസായിയായ ദിനേശ് മേനോനാണ് ഹരജി നൽകിയത്. മാണി C.കാപ്പനെ ജനപ്രാതിനിധ്യ നിയമ പ്രകാരം അയോഗ്യനാക്കണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം.

✪✪✪

*News Editor വി കെ സുരഷ്*
*News Reader: ശരണ്യ രാജൻ*
*News Team: എവി ഫർദിസ്, ജാസ്മി*
*DEO : സി കെ സുബോധ്*